"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തൊഴിലും നൈപുണ്യവും വകുപ്പ് - ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് - അസിസ്റ്റന്റ് ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ ഡോ.ലിഡ ജെയിംസ്-ന്റെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.**825/2026/LBR** തീയതി,തിരുവനന്തപുരം, **29-07-2026**

---

പരാമർശം:- 1) അക്കൗണ്ടന്റ് ജനറലിന്റെ (എ&ഇ) **07.01.2026** ലെ **GE03/D/1079168/L-401** നമ്പർ കത്ത്.

2) ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടറുടെ **26.05.2026** ലെ ഇ**1-4662/2025**/ഡി.ഐ.എം.എസ് നമ്പർ ഉത്തരവ്.

3) ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടറുടെ **26.05.2026** ലെ ഇ**1-4662/2025**/ഡി.ഐ.എം.എസ് നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിൽ അസിസ്റ്റന്റ് ഇൻഷുറൻസ് മെഡിക്കൽ ഓഫീസറായി **15.05.2019** ൽ ഒളരിക്കര ഇ.എസ്.ഐ ഡിസ്പെൻസറിയിൽ ജോലിയിൽ പ്രവേശിച്ച ഡോ.ലിഡ ജെയിംസിന്റെ (പെൻ **862064**) ടി തസ്തികയിലെ പ്രൊബേഷൻ കാലയളവ് **14.05.2021**-ൽ പൂർത്തീകരിക്കേണ്ടതായിരുന്നു. ടിയാൾ പ്രൊബേഷൻ കാലയളവിൽ **32** ദിവസത്തെ ശൂന്യവേതനാവധി എടുത്തിട്ടുണ്ടെന്ന് പരാമർശം (1) പ്രകാരം അക്കൗണ്ടന്റ് ജനറൽ അറിയിച്ചിട്ടുണ്ട്. പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനാവശ്യമായ ഡിപ്പാർട്ട്മെന്റൽ ടെസ്റ്റ് ടിയാൾ പാസ്സായത് **09.05.2024** ലാണ്. ആയതിനാൽ ഡോ.ലിഡ ജെയിംസ്-ന്റെ പ്രൊബേഷൻ കാലയളവ് **15.05.2021** മുതൽ **14.05.2022** വരെ ദീർഘിപ്പിച്ച് പരാമർശം (2) പ്രകാരം ഡയറക്ടർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി വ്യക്തിയുടെ പ്രൊബേഷൻ കാലയളവ് **15.05.2022** മുതൽ **11.05.2024** വരെ ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കണമെന്ന് പരാമർശം (3) ലെ കത്ത് പ്രകാരം ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ അസിസ്റ്റന്റ് ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ ഡോ.ലിഡ ജെയിംസ് (പെൻ **862064**)-ന്റെ അസിസ്റ്റന്റ് ഇൻഷുറൻസ് മെഡിക്കൽ

ഓഫീസർ തസ്തികയിലെ പ്രൊബേഷൻ കാലയളവ് **1958** ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് ചട്ടങ്ങളിലെ ഭാഗം **II**, ചട്ടം **21** പ്രകാരം **15.05.2022** മുതൽ **11.05.2024** വരെ ദീർഘിപ്പിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ എസ്
ഡെപ്യൂട്ടി സെക്രട്ടറി

ഡയറക്ടർ, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്, തിരുവനന്തപുരം.
ഡോ.ലിഡ ജെയിംസ്, അസിസ്റ്റന്റ് ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് (ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർ മുഖേന).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) (ഓഡിറ്റ്), തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാരിന്റെ ഔദ്യോഗിക വെബ്ബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Digitally signed by
Salini S
Date: 30-07-2026
11:24:24
സെക്ഷൻ ഓഫീസർ